സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 161 2025 സെപ്തംബർ 27 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### 9 ജില്ലകളിൽ കാറ്റോട് കൂടിയ ശക്തമായ മഴ വരുന്നു

തൃശൂർ: സംസ്ഥാനത്ത് അടുത്ത മൂന്ന് മണിക്കൂറിൽ കേരളത്തിലെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്ക് സാധ്യത. മഴയ്ക്കൊപ്പം മണിക്കൂറിൽ 30 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മറ്റെല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

### മുരിങ്ങൂരിൽ ഗതാഗതക്കുരുക്ക്

തൃശൂർ: മണ്ണുത്തി ഇടപ്പള്ളി ദേശീയപാതയിൽ അടിപ്പാത നിർമ്മാണവും സ്ലാബ് ഇടിഞ്ഞതും മൂലം ചാലക്കുടി മുതൽ ചിറങ്ങര വരെ രണ്ടര കിലോമീറ്ററോളം ഗതാഗതക്കുരുക്ക്.

### നിലപാട് വ്യക്തമാക്കിയിട്ടുണ്ട്; പ്രതിഷേധങ്ങൾ നേരിട്ടോളാം

# ഇതു പറയാൻ ആരും പെരുന്നയിലേക്ക് വരേണ്ട

പെരുന്ന: അയ്യപ്പസംഗമത്തിൽ സർക്കാരിനെ പിന്തുണച്ചതിനെതിരെ സംഘടനയിൽ നിന്നുയർന്ന പ്രതിഷേധങ്ങളെ നേരിട്ടോളാമെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ. സമദൂരത്തിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് എൻ.എസ്.എസ് പ്രതിനിധികളെ ബോധ്യപ്പെടുത്തിയെന്ന് പ്രതിനിധിയോഗത്തിന് ശേഷം സുകുമാരൻ നായർ പറഞ്ഞു. രാഷ്ട്രീയ നിലപാട് പറഞ്ഞുകഴിഞ്ഞെന്നും ഈ വിഷയം പറയാൻ ആരും പെരുന്നയിലേക്ക് വരേണ്ടതില്ലെന്നും സുകുമാരൻ നായർ കൂട്ടിച്ചേർത്തു. സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടെന്ന നിലപാടിലാണ് യോഗത്തിൽ പങ്കെടുത്ത പ്രതിനിധികൾ.

പ്രതിനിധിയോഗത്തിന് മുൻപു തന്നെ പ്രതിഷേധങ്ങളെ സുകുമാരൻ നായർ തള്ളിയിരുന്നു. തിരുവനന്തപുരത്തോ കണയന്നൂരിലോ മാത്രമല്ല കരയോഗമെന്നും ആകെ 5600 കരയോഗങ്ങളുണ്ടെന്നുമാണ്

സുകുമാരൻ നായർ പറഞ്ഞത്. കോൺഗ്രസ്–ബിജെപി നേതാക്കൾ ബന്ധപ്പെട്ടിട്ടില്ലെന്നും പന്തളം കൊട്ടാരത്തിന് മറുപടി പറയാനില്ലെന്നും സുകുമാരൻ നായർ പറഞ്ഞു.കാര്യം മനസിലാക്കട്ടെ, കരയോഗങ്ങൾ തിരുത്തിക്കോളും എന്നായിരുന്നു യോഗത്തിന് മുൻപ് അദ്ദേഹം പറഞ്ഞത്.

അതേസമയം, എൻ.എസ്.എസിനെ അനുനയിപ്പിക്കാനില്ലെന്ന നിലപാടിലാണ് പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ. അനുനയിപ്പിക്കാനുള്ള ശ്രമം വിഫലമായോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് നിങ്ങളോടാരാ പറഞ്ഞത് എന്ന മറുചോദ്യമാണ് സതീശൻ ഉന്നയിച്ചത്. എൻ.എസ്.എസ് ജനറൽ സെക്രട്ടറി അയയുന്നില്ലല്ലോ എന്ന ചോദ്യത്തിന് അയയാൻ ഞങ്ങൾ പറഞ്ഞിട്ടില്ലല്ലോ എന്നായിരുന്നു ഉത്തരം. ഞങ്ങളുടേത് രാഷ്ട്രീയതീരുമാനമാണ്. പ്രീണനനയം ഞങ്ങൾക്കില്ല, അത് സി.പി.എം നയമാണ്. ഭൂരിപക്ഷ, ന്യൂനപക്ഷ വർഗീയതകളെ പ്രോൽസാഹിപ്പിക്കില്ലെന്നും സതീശൻ വ്യക്തമാക്കി.

ഇതിനിടെ, സുകുമാരൻ നായരുടെ രാജി ആവശ്യപ്പെട്ട് ഈ രാറ്റുപേട്ടയിലും ബാനർ പ്രത്യക്ഷപ്പെട്ടു. ചേന്നാട് കരയോഗത്തിന് മുന്നിലാണ് ബാനർ. വിശ്വാസികളെ പിന്നിൽ നിന്ന് കുത്തിയെന്നും പിണറായിക്ക് പാദസേവ ചെയ്യുന്നെന്നും വിമർശനമുണ്ട്. കരയോഗത്തിലെ അംഗങ്ങൾ എന്ന പേരിലാണ് ബാനർ പ്രത്യക്ഷപ്പെട്ടത്. പിന്നാലെ ബാനർ അഴിച്ചുമാറ്റുകയും ചെയ്തു. അഴിച്ചു മാറ്റിയത് കരയോഗം ഭാരവാഹികളെന്നാണ് കരയോഗം അംഗങ്ങൾ പറയുന്നത്.

## ബന്ദികളെ തിരികെ കൊണ്ടുവരണം, സ്ഥിരം സമാധാനം സ്ഥാപിക്കണം' ഗാസ ചർച്ചകളെക്കുറിച്ച്: ട്രംപ്

വാഷിംഗ്ടൺ : ഗാസ പ്രശ്നവുമായി ബന്ധപ്പെട്ട് മദ്ധ്യേഷ്യൻ രാജ്യങ്ങളുമായി ഫലപ്രദമായ ചർച്ചകൾ നടക്കുന്നുണ്ടെന്ന് അറിയിച്ച് യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിലൂടെയാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്. കഴിഞ്ഞദിവസമായി ഗൗരവമായ ചർച്ചകൾ നടന്നുവരികയാണെന്നും അവ ലക്ഷ്യം കാണുന്നത് വരെ തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചർച്ചകളിൽ മദ്ധ്യേഷ്യയിലെ എല്ലാ രാജ്യങ്ങളും പങ്കുചേരുന്നുണ്ടെന്നും ഇസ്രായേലിനെയും പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെയും വിവരമറിയിച്ചിട്ടുണ്ടെന്നും ഹമാസ് ഈ ചർച്ചകളെക്കുറിച്ച് ബോധവാന്മാരാണെന്നും ട്രംപ് വ്യക്തമാക്കി. മുമ്പെങ്ങുമില്ലാത്തവിധം സമാധാനപരമായ സമവായത്തിന് എല്ലാവരും വലിയ താൽപ്പര്യവും സന്മനസ്സും കാണിക്കുന്നുണ്ടെന്നും യുഎസ് പ്രസിഡന്റ് അഭിപ്രായപ്പെട്ടു.

'മരണത്തിന്റെയും ഇരുട്ടിന്റെയും കാലം കഴിയാൻ എല്ലാവരും ആഗ്രഹിക്കുന്നു. ചർച്ചയിൽ പങ്കുചേരാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്. ബന്ദികളെ തിരികെ കൊണ്ടുവരണം, അതോടൊപ്പം സ്ഥിരമായ സമാധാനം സ്ഥാപിക്കുകയും വേണം,' ട്രംപ് കൂട്ടിച്ചേർത്തു.

അതേസമയം ഗാസ ചർച്ചകളെക്കുറിച്ചുള്ള പ്രഖ്യാപനത്തിന് തൊട്ടുമുമ്പ് വെള്ളിയാഴ്ച ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹുവിനെതിരെ ട്രംപ് പരസ്യമായി രംഗത്തെത്തിയിരുന്നു. വെസ്റ്റ് ബാങ്ക് കൂട്ടിച്ചേർക്കാൻ നെതന്യാഹുവിനെ അനുവദിക്കില്ലെന്ന് ട്രംപ് പ്രഖ്യാപിച്ചിരുന്നു. ഇസ്രായേലിന്റെ ദീർഘകാല രാഷ്ട്രീയ ലക്ഷ്യങ്ങളിൽ നിന്ന് ട്രംപ് ഭരണകൂടം വ്യതിചലിക്കുന്നതിന്റെ സൂചനയായിട്ടാണ് വിശകലന വിദഗ്ധർ ഇതിനെ വിലയിരുത്തുന്നത്.

അതേ ദിവസം തന്നെ നെതന്യാഹു ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ പ്രസംഗിക്കാൻ തയ്യാറെടുക്കുമ്പോൾ, ഭൂരിഭാഗം യുഎൻ പ്രതിനിധികളും ഹാളുകളിൽ നിന്ന് ഇറങ്ങിപ്പോയിരുന്നു. പലസ്തീൻ രാജ്യം ഉണ്ടാക്കുന്നത് ദേശീയ ആത്മഹത്യക്ക് തുല്യമാണെന്ന് നെതന്യാഹു പ്രസംഗത്തിൽ പറഞ്ഞു. പലസ്തീൻ രാജ്യം സൃഷ്ടിക്കാൻ രണ്ട് രാജ്യങ്ങൾ എന്ന പരിഹാരം മുന്നോട്ട് വച്ച ന്യൂയോർക്ക് പ്രഖ്യാപനത്തിന് മറുപടിയായാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്.

## രണ്ടരവയസുകാരിയെ കിണറ്റിലെറിഞ്ഞുകൊന്നത് അമ്മയുടെ അറിവോടെ; ശ്രീതു അറസ്റ്റിൽ

തിരു : ബാലരാമപുരത്ത് രണ്ടരവയസുകാരിയെ കിണറ്റിലെറിഞ്ഞുകൊന്ന കേസിൽ അമ്മ ശ്രീതു അറസ്റ്റിൽ. കുഞ്ഞിനെ കൊന്നത് അമ്മയുടെ അറിവോടെയാണെന്നാണ് പൊലീസിന്റെ കണ്ടെത്തൽ. ഫോറൻസിക് പരിശോധനയിലൂടെയാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. കേസിൽ ശ്രീതുവിന്റെ സഹോദരൻ ഹരികുമാർ നേരത്തെ അറസ്റ്റിലായിരുന്നു. മുൻപ് സാമ്പത്തിക തട്ടിപ്പ് കേസിലും ശ്രീതു അറസ്റ്റിലായിരുന്നു. ഈ കേസിൽ ജാമ്യത്തിലിറങ്ങിയ ശ്രീതുവിനെ പാലക്കാടുനിന്നാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

ഇക്കൊല്ലം ജനുവരി 30നായിരുന്നു ദേവേന്ദു എന്ന രണ്ടരവയസുകാരിയെ കിണറ്റിൽ എറിഞ്ഞു കൊന്നത്. നാടിനെ നടുക്കിയ സംഭവം പുറംലോകമറിഞ്ഞ് മണിക്കൂറുകൾക്കുള്ളിൽ തന്നെ പ്രതിയെ പൊലീസിന് കണ്ടെത്താൻ കഴിഞ്ഞുവെങ്കിലും കേസിൽ ഒട്ടേറെ ദുരൂഹതകൾ അവശേഷിച്ചിരുന്നു.

കുഞ്ഞിനെ കൊലപ്പെടുത്തിയത് താൻ ആണെന്ന് ഹരികുമാർ കുറ്റസമ്മതം നടത്തിയിരുന്നു. ഹരികുമാറും സഹോദരി ശ്രീതുവും തമ്മിൽ അസ്വാഭാവികമായ ബന്ധം ഉണ്ടായിരുന്നതായും കുഞ്ഞ് തടസമായതിനാലാണ് കിണറ്റിൽ എറിഞ്ഞതെന്നും ഹരികുമാർ മൊഴി നൽകിയിരുന്നു. കൊല നടക്കുന്ന ദിവസവും വഴിവിട്ട ബന്ധത്തിന് ശ്രീതുവിനെ ഹരികുമാർ പ്രേരിപ്പിച്ചിരുന്നു. വാട്സാപ്പ് സന്ദേശത്തിലൂടെ മുറിയിലേക്ക് വരാൻ ഹരികുമാർ ആവശ്യപ്പെട്ടു. ഇതനുസരിച്ച് ശ്രീതു മുറിയിൽ എത്തിയെങ്കിലും കുഞ്ഞ് കരഞ്ഞതിനാൽ തിരികെ പോയി. ഇത് ഹരികുമാറിനെ ചൊടിപ്പിച്ചിരുന്നുവെന്നും ഇതാണ് കൊലയ്ക്ക് കാരണമായതെന്നുമാണ് പൊലീസിന്റെ കണ്ടെത്തൽ.

കൊലപാതകത്തിൽ സഹോദരിക്ക് പങ്കുള്ളതായി ഹരികുമാർ പൊലീസിനോട് പറഞ്ഞുവെങ്കിലും ശ്രീതു ഇത് നിഷേധിച്ചിരുന്നു. എന്നാൽ കൊലപാതകത്തിൽ ശ്രീതുവിനും പങ്കുള്ളതായാണ് പൊലീസ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. ഇന്നലെയാണ് ശ്രീതുവിനെ കസ്റ്റഡിയിലെടുത്തത്. അറസ്റ്റ് രേഖപ്പെടുത്തിയ ശ്രീതുവിനെ ഉടൻ കോടതിയിൽ ഹാജരാക്കും.

### 8 കിലോ കഞ്ചാവുമായി രണ്ടുപേർ പിടിയിൽ

തൃശ്ശൂർ: കൊക്കാലയിൽ 8കിലോ കഞ്ചാവുമായി രണ്ട് യുവാക്കളെ തൃശ്ശൂർ എക്സൈസ് റേഞ്ച് സംഘം പിടികൂടി. ഒഡീഷ സ്വദേശികളായ യെസൻ ന്തൻ, മീഹർ പ്രധാൻ എന്നിവരാണ് പിടിയിലായത്.

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

**GOP: 268/2025**

മലപ്പുറം ജില്ല, തിരൂർ താലൂക്ക്, കാട്ടിപ്പരുത്തി വില്ലേജ് ദേശത്ത്, പി ഒ വളാഞ്ചേരി, പാലാറ വീട്ടിൽ മൊയ്തീൻകുട്ടി പി മകൾ ഫാത്തിമ റുക്സാന പി.

-ഹരജിക്കാരി

1. തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, കടിക്കാട് വില്ലേജ് ദേശത്ത്, പി ഒ അണ്ടത്തോട് മേപ്പുറത്തു വീട്ടിൽ അബൂബക്കർ മകൻ 42 വയസ്സ് സമീർ..
2. ടി ജില്ല, ടി താലൂക്ക്, ടി വില്ലേജ് ദേശത്ത് മേപ്പുറത്ത് വീട്ടിൽ അബൂബക്കർ ഭാര്യ 62 വയസ്സു മറിയ

-എതൃകക്ഷികൾ

1. മൈനർ ഇഷാൻ മുഹമ്മദ് സമീർ എം. 12 വയസ്സ് (DOB 13/12/2013)
2. മൈനർ റമ്സാൻ മുഹമ്മദ് എം 8 വയസ്സ് (DOB: 29/9/2017)

-മൈനർ ഹർജിക്കാർ

മേൽ നമ്പറിൽ 1-ാം എതിർകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസ സ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ് **14-11-2025** തീയതിക്ക് വിചാരണയ്ക്ക് വച്ചിരിക്കുന്നു. ആയതിനാൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന് വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന് 2025 സെപ്റ്റംബർ 12ന്

ഹരജിഭാഗം അഡ്വക്കേറ്റ്

**അഡ്വ. പി. മുഹമ്മദ് ബഷീർ** (ഒപ്പ്)

### അറിയിപ്പ്

ഷീജ സി യു, W/o മണികണ്ഠൻ, വിളക്കുംപാടം, ചൂരിക്കോട്, കല്ലടിക്കോട്, കരിമ്പ II, പാലക്കാട്, കേരളം-678596 എന്നവർ അറിയിക്കുന്ന അറിയിപ്പ്

എന്റെ പേരിൽ കേരള ഗ്രാമീൺ ബാങ്ക് കല്ലടിക്കോട് ശാഖയിൽ ഉള്ള 40300101019078-ാം നമ്പർ പ്രകാരം ഉള്ള അക്കൗണ്ടിലെ ഒപ്പിട്ട ചെക്കുകൾ യാത്രാമദ്ധ്യേ നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഈ കാര്യത്തിന് 11-9-2025 തിയ്യതി വെച്ച് ബാങ്ക് അധികൃതരെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

എന്ന്, 27-09-2025

**ഷീജ സി യു** (ഒപ്പ്)

## ഇഎംഎസിന്റെ മകൾ ഡോ. മാലതി ദാമോദരന്റെ നിര്യാണത്തിൽ അനുശോചിച്ച് മുഖ്യമന്ത്രി

തിരു : മുൻ മുഖ്യമന്ത്രി ഇഎംഎസിന്റെ മകൾ ഡോ. മാലതി ദാമോദരന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു

'മഹാനായ അച്ഛന്റെ ജീവിതാദർശങ്ങളെ മുറുകെപ്പിടിച്ച് ജീവിച്ച മകളായിരുന്നു ഡോ. മാലതി ദാമോദരൻ. പെൺകുട്ടികൾ അച്ഛന്റെയോ ഭർത്താവിന്റെയോ മേൽവിലാസത്തിൽ അല്ല അറിയപ്പെടേണ്ടതെന്ന ഇഎം എസിന്റെ കാഴ്ച്ചപ്പാട് ജീവിതത്തിൽ പകർത്തിയ വ്യക്തിയായിരുന്നു അവർ. ശിശുരോഗ വിദഗ്ദ്ധ എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ജനകീയ പൊതുജനാരോഗ്യ പ്രവർത്തക കൂടിയായിരുന്നു ഡോ. മാലതി. ലാളിത്യമായിരുന്നു അവരുടെ മുഖമുദ്ര.ഇഎംഎസിന്റെ മകൾ എന്ന നിലയിൽ പ്രത്യേക അടുപ്പം അവരുമായി ഉണ്ടായിരുന്നുവെന്നും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നു'- മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ഇന്നുപുലർച്ചെ മൂന്നര മണിയോടെ തിരുവനന്തപുരം ശാസ്തമംഗലത്തെ വസതിയിലായിരുന്നു ഡോ. മാലതി ദാമോദരന്റെ അന്ത്യം. 87 വയസായിരുന്നു. പരേതനായ ഡോ. എ ഡി ദാമോദരൻ ആണ് ഭർത്താവ്.വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ ശിശുരോഗ വിദഗ്ദ്ധയായി മാലതി സേവനം അനുഷ്ഠിച്ചിരുന്നു. അവിടെനിന്ന് വിരമിച്ചശേഷം ദീർഘകാലം തിരുവനന്തപുരം ശാസ്തമംഗലത്തെ ശ്രീ രാമകൃഷ്ണമിഷൻ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചിരുന്നു. മക്കൾ: പ്രൊഫ. സുമംഗല (ഡൽഹി യൂണിവേഴ്സിറ്റി അദ്ധ്യാപിക), ഹരീഷ് ദാമോദരൻ (ഇന്ത്യൻ എക്സ്പ്രസ് റൂറൽ എഡിറ്റർ). മരുമകൾ: ഷീലാ താബോർ (എൻജിനീയർ, സൗദി).

### തിരുമല അനിലിന്റെ ഭാര്യയുടെ മൊഴിയെടുത്തു

തിരു: ബിജെപി നഗരസഭാ കൗൺസിലർ തിരുമല അനിൽ ജീവനൊടുക്കിയ സംഭവത്തിൽ അന്വേഷണ സംഘം ഭാര്യ ആശയുടെ മൊഴി രേഖപ്പെടുത്തി. ആത്മഹത്യയ്ക്ക് പിന്നിലെ യഥാർത്ഥ കാരണം കണ്ടെത്തണമെന്നും ആശ ആവശ്യപ്പെട്ടു. അനിൽ രാവിലെ പെട്ടെന്ന് ഷർട്ട് ധരിച്ച്, തിരിച്ചു വരാമെന്ന് പറഞ്ഞ് ഇറങ്ങി പോകുകയായിരുന്നുവെന്ന് ആശ പറഞ്ഞു. സൊസൈറ്റിയിലെ സാമ്പത്തിക പ്രശ്നങ്ങൾ കാരണം മാനസിക ബുദ്ധിമുട്ടിലായിരുന്നു. ആർക്കെല്ലാം വായ്പ കൊടുത്തെന്ന് അറിയില്ല. മരണത്തിന് മുമ്പ് ആരെയെങ്കിലും കണ്ടിട്ടുണ്ടോയെന്ന് അറിയില്ല. സഹായം തേടിയതായും അറിയില്ലെന്നും ഭാര്യ പറഞ്ഞു.

അതേസമയം, അനിലിന്റെ ആത്മഹത്യയെ ചൊല്ലി രാഷ്ട്രീയ വിവാദം തുടരുകയാണ്. അനിലിനെ സിപിഎമ്മും പൊലീസും വേട്ടയാടിയിരുന്നെന്നാണ് ബിജെപി ആരോപിക്കുന്നത്. അനിൽപ്രസിഡന്റായ ബാങ്കിൽ നിന്ന് ബിജെപി നേതാക്കൾ കടമെടുത്ത് ചതിച്ചതിന്റെ പേരിലാണ് ആത്മഹത്യയെന്നാണ് സിപിഎം വാദം.

### വ്യാപാര സ്ഥാപനത്തിൽ മോഷണം

തൃശൂർ: എറവ് സ്കൂളിന് സമീപം കടയുടെ പൂട്ട് പൊളിച്ച് മോഷണം. ആറാംകല്ല് സ്വദേശി സുബിന്റെ എ- ത്രീ സ്റ്റോഴ്സിലാണ് മോഷണം. മേശയിൽ സൂക്ഷിച്ചിരുന്ന രണ്ടായിരം രൂപയോളം നഷ്ടപ്പെട്ടു. രാവിലെ കടതുറക്കാനെത്തിയപ്പോഴാണ് ഷട്ടറിന്റെ പൂട്ട് തകർത്ത നിലയിൽ കണ്ടത്. മോഷണത്തിന് ഉപയോഗിച്ച കമ്പിപ്പാരകൾ സമീപത്ത് നിന്ന് കണ്ടെത്തി.

## സംസ്ഥാനത്ത് സ്വർണ്ണ വിലയിൽ വീണ്ടും വർദ്ധനവ്

തൃശൂർ: സ്വർണ്ണ വിലയിൽ വീണ്ടും വർദ്ധനവ്. സംസ്ഥാനത്ത് ഇന്ന് വീണ്ടും സ്വർണ്ണത്തിന്റെ വില ഉയർന്നു. തെല്ലൊന്നും കുറഞ്ഞു നിന്നതിന് ശേഷമാണ് ഇന്ന് വീണ്ടും സ്വർണ്ണത്തിന്റെ വിലവർധനവുണ്ടായത്. ഇന്ന് ഒരു പവൻ സ്വർണ്ണത്തിന്റെ വില 84,680 രൂപയാണ്. ഇന്നലത്തെക്കാൾ 440 രൂപയാണ് വർധിച്ചത്. 10,585 രൂപയാണ് ഒരു ഗ്രാമിന്റെ വില. 55 രൂപയാണ് വർധിച്ചത്.

## കാറിടിച്ച് വൃദ്ധൻ മരിച്ച സംഭവത്തിൽ വൻ ട്വിസ്റ്റ്: വാഹനം ഓടിച്ച ഡോക്ടർ 'വ്യാജൻ'

കോഴിക്കോട് : പുതിയ ബസ്സ്റ്റാൻഡിന് സമീപം കാറിടിച്ച് വയോധികൻ മരിച്ച സംഭവത്തിൽ വൻ വഴിത്തിരിവ്. അപകടത്തിൽ പ്രതിയായ കാർ ഡ്രൈവർ വ്യാജ ചികിത്സയ്ക്ക് അറസ്റ്റിലായ ആളാണെന്നാണ് പൊലീസ് പറയുന്നത്. കേസിൽ പ്രതിയായ താനൂർ സ്വദേശി എം.പി റിയാസ് ഇപ്പോൾ ജാമ്യത്തിലാണ്. നഴ്സായ ഇയാൾ മലപ്പുറത്ത് ഡോക്ടർ ചമഞ്ഞ് തട്ടിപ്പ് നടത്തുകയായിരുന്നു. വാഹനം ഓടിച്ചിരുന്നത് ഡോക്ടറായിരുന്നു എന്നായിരുന്നു അപകടത്തിന് പിന്നാലെ പുറത്തു വന്ന റിപ്പോർട്ടുകളും. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കാറോടിച്ചിരുന്നത് വ്യാജനാണെന്ന് തിരിച്ചറിഞ്ഞത്.

ഇക്കഴിഞ്ഞ 25ന് രാവിലെ ആറരയോടെ പുതിയ ബസ് സ്റ്റാൻഡിന് സമീപം ബ്ലൂ ഡയമണ്ട് മാളിന് മുൻവശത്തായിരുന്നു അപകടമുണ്ടായത്. റോഡ് മുറിച്ചു കടക്കുന്നതിനിടെ അമിത വേഗത്തിലെത്തിയ കാർ വയോധികനെയും യുവതിയെയും ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. യുവതി പരിക്കുകളോടെ രക്ഷപ്പെട്ടെങ്കിലും വയോധികൻ മരിച്ചു. 72 വയസുള്ള നടുവണ്ണൂർ സ്വദേശി ഗോപാലനാണ് മരിച്ചത്. അപകടത്തിന്റെ സിസിടിവി ദൃശ്യങ്ങളും പുറത്തു വന്നിരുന്നു.

അപകടത്തിന് പിന്നാലെ കാറിലുണ്ടായിരുന്ന രണ്ട് പേരെയും നടക്കാവ് പൊലീസ് കസ്റ്റഡിയിലെടുത്തു. വാഹനം ഓടിച്ചിരുന്നത് താനൂർ സ്വദേശി എം.പി റിയാസായിരുന്നു. അപകട സമയത്ത് പരസ്പര ബന്ധമില്ലാത്ത രീതിയിലായിരുന്നു ഇയാളുടെ പെരുമാറ്റം. മനഃപൂർവമല്ലാത്ത നരഹത്യ, അപകടകരമായ ഡ്രൈവിംഗ് തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് ഇയാൾക്കെതിരെ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

### CHANGE OF NAME

I REMASAN TRICHUR ANANTHARAMAKRISHAN HOLDER OF PASSPORT NO. A1037018, DO HERE BY CHANGE THE NAME AS, **TRICHUR ANANTHARAMAKRISHNAN RAMESON** FOR THE PURPOSE OF PASSPORT

Sd/-

TRICHUR ANANTHARAMAKRISHNAN RAMESON

## ഇ എൻ സുരേഷ് ബാബുവിനെതിരെ കേസെടുക്കാൻ നിയമോപദേശം തേടും

പാലക്കാട്: ഷാഫി പറമ്പിൽ എംപിക്കെതിരായി ലൈംഗിക അധിക്ഷേപ പരാമർശം നടത്തിയ സിപിഎം ജില്ലാ സെക്രട്ടറി ഇ എൻ സുരേഷ് ബാബുവിനെതിരെ കേസെടുക്കാൻ നിയമോപദേശം തേടാനൊരുങ്ങി പൊലീസ്. മൂന്നാം കക്ഷി പരാതി നൽകിയതിനാൽ നിയമോപദേശം ഇല്ലാതെ നടപടി സ്വീകരിക്കില്ലെന്നാണ് പൊലീസിന്റെ നിലപാട്. സുരേഷ് ബാബുവിനെതിരെ ഉയർന്ന രണ്ട് പരാതികളും പാലക്കാട് എസ് പി നോർത്ത് പൊലീസിന് കൈമാറും.

ആലത്തൂരിലെ കോൺഗ്രസ് നേതാവും പാലക്കാട്ടെ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുമാണ് സുരേഷ് ബാബുവിനെതിരെ പരാതി നൽകിയിരിക്കുന്നത്. കേസെടുത്താൽ നിലനിൽക്കുമോ? കേസിൽ കാര്യമുണ്ടോയെന്നറിയാനാണ് നിയമോപദേശം തേടുന്നത്. കേസിനാസ്പദമായ വീഡിയോയും പരിശോധിക്കുമെന്ന് പൊലീസ് അറിയിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഷാഫി പറമ്പിലിന്റെ മൊഴിയും രേഖപ്പെടുത്തും. ഷാഫി പറമ്പിൽ നേരിട്ട് പരാതി നൽകിയിട്ടില്ലയെന്നും പൊലീസ് അറിയിച്ചിട്ടുണ്ട്. മൂന്ന് ദിവസത്തിനുള്ളിൽ പൊലീസിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടായില്ലെങ്കിൽ കൂടുതൽ പ്രതിഷേധങ്ങൾ നടത്താനാണ് പാലക്കാട്ടെ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ തീരുമാനം.

ലൈംഗിക പീഡന ആരോപണങ്ങൾ നേരിട്ട രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കോൺഗ്രസിൽ നിന്ന് പുറത്താക്കുക തന്നെ വേണമെന്ന് ആവശ്യപ്പെടാൻ ഷാഫി പറമ്പിലിനെ വെല്ലുവിളിക്കുകയാണെന്ന് പറഞ്ഞാണ് സുരേഷ് ബാബു അധിക്ഷേപ പരാമർശം നടത്തിയത്. ഈ കാര്യത്തിൽ കുട്ടുകച്ചവടമാണ് ഷാഫിയും രാഹുലും നടത്തുന്നതെന്നും അദ്ദേഹം പരിഹസിച്ചിരുന്നു. ആരെയെങ്കിലും നന്നായി കണ്ടാൽ ബംഗളൂരു ട്രിപ്പ് അടിക്കുകയല്ലേ എന്ന് ഹെഡ്മാഷ് ചോദിക്കുമെന്ന് ദയാർത്ഥത്തോടെ സുരേഷ് ബാബു പറഞ്ഞിരുന്നു.

## താമരശേരി ചുരം രണ്ടാം വളവിൽ മരം വീണു; ഗതാഗതം ഭാഗികമായി തടസപ്പെട്ടു

കോഴിക്കോട്: താമരശേരി ചുരത്തിന്റെ രണ്ടാം വളവിൽ മരം വീണ് ഗതാഗതം ഭാഗികമായി തടസപ്പെട്ടു. ഇന്ന് രാവിലെ പത്തേകാലോടെയാണ് ഗതാഗത തടസം ഉണ്ടായത്. ഉടൻ തന്നെ പ്രശ്നം പരിഹരിക്കാനാകുമെന്നാണ് ഹൈവേ പൊലീസ് പറയുന്നത്.

ചുരത്തിന്റെ രണ്ടാം വളവിലെ വലിയൊരു മരത്തിന്റെ കൊമ്പൊടിഞ്ഞു. അത് വീണത് മറ്റൊരു മരത്തിന്റെ കൊമ്പിലേക്കാണ്. ഈ രണ്ട് മരവും ഒടിഞ്ഞ് റോഡിലേക്ക് വീണതാണ് ഗതാഗതം തടസപ്പെടാൻ കാരണമായത്. ഫയർഫോഴ്സ് എത്തി മരത്തിന്റെ ചില്ലകൾ വെട്ടിമാറ്റുകയാണ്. ഉടൻ തന്നെ ഗതാഗതം പുനഃസ്ഥാപിക്കുമെന്ന് അധികൃതർ അറിയിച്ചു.

അതേസമയം, താമരശേരി ചുരത്തിൽ അടിക്കടിയുണ്ടാകുന്ന ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട് മുസ്ലീം ലീഗിന്റെ സമരം അടിവാരത്ത് നടക്കുകയാണ്. താമരശേരി ചുരം വഴിയുള്ള യാത്രയുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി സജീവ ചർച്ചകൾ നടക്കുന്ന സാഹചര്യത്തിലാണ് ഇന്നും ഗതാഗതം തടസപ്പെട്ടത്.

കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

ശ്രീ. പിണറായി വിജയൻ
ബഹു. മു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസിൽ സെലസ്റ്റാ സെസ്റ്റ് 2k25 ന് തുടക്കം കുറിച്ചു

ഇരിങ്ങാലക്കുട : സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസിൽ സെലസ്റ്റാ സെസ്റ്റ് 2k25 ന് തുടക്കം കുറിച്ചു. സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസിലെ കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിന സെലെസ്റ്റാ സെസ്റ്റ് 2k25 ടെക് ഫെസ്റ്റ് വൈസ് പ്രിൻസിപ്പൾ ഡോ .സി. ഫ്ലവററ്റ് ഡോ.സി.അഞ്ജന, സെൽഫ് ഫൈനാസിങ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. സി. റോസ്ബാസ്റ്റ്യൻ ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന ഓഫീസ് സൂപ്പർണ്ടന്റ് ജ്യോതി എ ജെ യും ചേർന്ന് 2025 സെപ്റ്റംബർ 25-ന് ഉദ്ഘാടനം ചെയ്തു. ടെക് ഫെസ്റ്റിന്റെ ഭാഗമായി ഇറക്കിയ കൂപ്പണിന്റെ നറുക്കെടുപ്പ് നടത്തി, വിജയികളെ തെരെഞ്ഞെടുത്തു. ഇന്നത്തെ ലോകം സാങ്കേതിക വിദ്യയുടെ ലോകമാണ്.

'വിമാനങ്ങൾ ആകാശം കീഴടക്കും', 'യന്ത്രങ്ങൾ മനുഷ്യനെ സഹായിക്കും' എന്നു കവിതകളിലും, കഥകളിലും വരച്ചുകാട്ടിയ സ്വപ്നങ്ങൾ ഇന്ന് യാഥാർത്ഥ്യമായി മാറിയിരിക്കുന്നു.ആ യഥാർഥ്യത്തെ തൊട്ടുണർത്തി ടെക് ഫെസ്റ്റിൽ സർഗ്ഗാത്മകതയെയും സാങ്കേതിക വൈദഗ്ധ്യത്തെയും കോർത്തിണക്കി ആവേശകരമായ പരിപാടികൾ സംഘടിപ്പിച്ചു. വെബ്ജൻസ്, കോഡിംഗ് ക്വിസ്റ്റ്, സൈഫർ സഫാരി, മൈൻഡ് പ്രോംറ്റ്, ഇന്നോവ ടെക്ക് തുടങ്ങിയ മത്സരങ്ങൾ നടത്തപ്പെട്ടു.എ-ആർ, വി-ആർ ഷോ, സ്കിഡ് ഗെയിം പ്രൊജക്റ്റ് എക്സ്പോ എന്നിവയും ടെക്ഫെസ്റ്റിന്റെ പ്രധാന ആകർഷകങ്ങൾ ആയിരുന്നു. ടെക്ക് ഫെസ്റ്റ് ആവേശഭരിതമാക്കുവാൻ കോളേജിൽലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിനികളായ ഐഡിയ സ്റ്റാർ ഫെയിമുമായ വിഷ്ണുമായ രമേശും ആര്യയും നയിച്ച ലൈവ് മ്യൂസിക് ഉണ്ടായിരുന്നു. ആധുനിക സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ആശയങ്ങളും കരിയർ സാധ്യതകളും പ്രോത്സാഹിപ്പിക്കുന്ന മത്സരങ്ങളാണ് ടെക്ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്. വിവിധ കലാലയങ്ങളിൽ നിന്നായി 200 ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു.വിജയികൾക്ക് ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും കൊടുക്കും. . ഇതിനോട് അനുബന്ധമായി നാളെ സെ. 26 ന് രാവിലെ 10 മണിക്ക് കോളേജ് ക്യാമ്പസിൽ വച്ച് ടെക്നോ ക്വിസ് നടത്തുന്നതായിരിക്കും. സമാപന ചടങ്ങിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായ ഡോ. പ്രദീപ്കുമാറും അസോസിയേറ്റ്. പ്രൊ. ഡോ. ലജീഷ് വി. എൽ മുഖ്യാതിഥികളായിരിക്കും.

സെലെസ്റ്റാ സെസ്റ്റ് 2k25 ആവേശ തിരിതെളിഞ്ഞപ്പോൾ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റ് പുതു തലമുറയുടെ ഭാവി വാഗ്ദാനമായി മാറി .

## നിര്യാതരായി

### ശങ്കരനാരായണൻ

ഇരിങ്ങാലക്കുട : ആധാരം എഴുത്ത് അസോസിയേഷൻ ഇരിങ്ങാലക്കുട യൂണിറ്റ് പ്രസിഡന്റ് കൊല്ലാറ കൃഷ്ണൻ മകൻ ശങ്കരനാരായണൻ (75) നിര്യാതനായി. പരിവർത്തന കുറീസ് പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ആണ്. സംസ്കാരം ഇന്ന് രാവിലെ 11 മണിക്ക് അരിപ്പാലത്തുള്ള വീട്ടുവളപ്പിൽ നടത്തപ്പെട്ടു. ഭാര്യ : രമ (കുനാക്കംപിള്ളി കുടുംബാംഗം) മക്കൾ : സിജീഷ് (ആധാരം എഴുത്ത്), രശ്മി (ഗുജറാത്ത്), രാജേഷ് (ദുബായ്). മരുമക്കൾ : രേഷ്മ (കാറളം എ.എൽ.പി. സ്കൂൾ അധ്യാപിക), സജീഷ് കുമാർ (ഗുജറാത്ത്), നിമ്മി.

### പോൾസൺ

പാലക്കൽ: കാട്ടുക്കാരൻ അന്തോണി മകൻ പോൾസൺ (72) നിര്യാതനായി. സംസ്കാരം ഇന്ന് കാലത്ത് പാലക്കൽ സെന്റ് മാത്യൂസ് പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു. ഭാര്യ-മോളി, മക്കൾ -ടിന്റോ, സുനിത. മരുമക്കൾ- മോൾട്ടി, പരേതനായ ജോജു

# സമേതം 2025 വരക്കൂട്ടും ശില്പശാല തുടങ്ങി

ഇരിങ്ങാലക്കുട : സമേതം സമഗ്ര വിദ്യഭ്യാസ പരിപാടിയുടെ വിദ്യാർത്ഥികൾക്കായുള്ള ചിത്രരചന ശില്പശാല നാഷണൽ എൽ.പി. സ്കൂളിൽ വാർഡ് കൗൺസിലർ സുജ സജ്ജീവ് കുമാർ ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡണ്ട് സി. ബി. ഇന്ദ്രജിത്ത് അധ്യക്ഷത വഹിച്ചു. മാനേജർ രുഗ്മിണി രാമചന്ദ്രൻ, മാനേജ്മെന്റ് പ്രതിനിധി വി.പി.ആർ. മേനോൻ, കാർട്ടൂണിസ്റ്റ് എം. മോഹൻദാസ്, പ്രധാനധ്യാപിക കെ. ആർ. ലേഖ, വി. സപ്ന ഡേവീസ് എന്നിവർ പ്രസംഗിച്ചു. കാലിക്കറ്റ് സർവ്വകലാശാല ഫൈനാർട്ട്സ് വിദ്യാർത്ഥികളാണ് ക്ലാസ്സ് നയിക്കുന്നത്. മൂന്ന് ദിവസമായി നടക്കുന്ന ശില്പശാല ഇന്ന് സമാപിക്കും.

# ജനവിരുദ്ധ സമീപനങ്ങൾക്ക് തിരിച്ചടി നൽകണം-കേരള കോൺഗ്രസ്

ഇരിഞ്ഞാലക്കുട: സംസ്ഥാന സർക്കാർ സമസ്ത മേഖലകളിലും സമ്പൂർണ്ണ പരാജയമാണെന്ന് കേരള കോൺഗ്രസ് ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം സ്പെഷ്യൽ കൺവെൻഷൻ. വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല, കാർഷിക മേഖല, ക്രമസമാധാന മേഖല കൂടുതൽ തകർച്ചയിൽ ആണെന്നും കൺവെൻഷൻ വിലയിരുത്തി. ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം യുഡിഎഫ് കാലഘട്ടത്തിൽ നേടിയ വികസനങ്ങൾ അല്ലാതെ പുതിയതായി കഴിഞ്ഞ 9 വർഷമായി ഒന്നും തന്നെ നേടാൻ കഴിഞ്ഞിട്ടില്ലെന്ന് സമ്മേളനം ചൂണ്ടിക്കാട്ടി. ഇരിഞ്ഞാലക്കുട ടൗൺഹാളിൽ നടന്ന സ്പെഷ്യൽ കൺവെൻഷൻ കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ അഡ്വ.കെ ഫ്രാൻസിസ് ജോർജ് എംപി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ചെയർമാൻ അഡ്വ:തോമ്മസ് ഉണ്ണി യാടൻ എക്സ് എംഎൽഎ മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനം നിർവഹിച്ചു. സ്റ്റേറ്റ് കോർഡിനേറ്റർ അപൂ ജോൺ ജോസഫ് മുഖ്യ അതിഥിആയിരുന്നു. നിയോജകമണ്ഡലം പ്രസിഡണ്ട് റോക്കി ആളുക്കാരൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന വൈസ് ചെയർമാൻ എംപി പോളി, ജില്ലാ പ്രസിഡണ്ട് സി വി കുര്യാക്കോസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ഉന്നതാ അധികാര സമിതി അംഗം ജോൺസൺ കാഞ്ഞിരത്തിങ്കൽ, സംസ്ഥാന ജനറൽ സെക്രട്ടറി ജോയ് ഗോപുരൻ, ജില്ലാ ജനറൽ സെക്രട്ടറിമാരായ സേതുമാധവൻ പറയംവളപ്പിൽ, പി.ടി ജോർജ്, സിജോയ് തോമസ്, ജോസ് ചെമ്പകശ്ശേരി,ഉണ്ണി വിയ്യൂർ, ജില്ലാ സ്റ്റീയറിംഗ് കമ്മിറ്റിയംഗം സതീഷ് കാട്ടൂർ, യൂത്ത് ഫ്രണ്ട് ജില്ലാ പ്രസിഡണ്ട് ജോബി ആലപ്പാട്ട് ഭാരവാഹികളായ മാഗി വിൻസെന്റ്, എം എസ് ശ്രീധരൻ, എ കെ ജോസ്, എബിൻ വെള്ളാനിക്കാരൻ തുടങ്ങിയവർ പ്രസംഗിച്ചു.മണ്ഡലം പ്രസിഡന്റുമാരായ ഫിലിപ്പ് ഓളാട്ടുപുറം നൈജു ജോസഫ്, അഷറഫ് പാലിയ താഴത്ത്, എൻ ഡി പോൾ, എഡി ഫ്രാൻസിസ്, ജോൺസൺ കോക്കാട്ട്, ഷൈനി ജോജോ, ഫെനി എബിൻ, വിനോദ് ചേലുക്കാരൻ, അനിൽ ചന്ദ്രൻ, അജിത സദാനന്ദൻ, ഷക്കീർ മങ്കാ ട്ടിൽ, ലീസി ഡാർവിൻ, തുഷാര ബിന്ദു, ഷീജ ഫിലിപ്പ്, ലാസർ കോച്ചേരി, ജോസ് ജി തട്ടിൽ, ജോസ് പാറേക്കാടൻ, ബാബു ചേലക്കാട്ടുപറമ്പിൽ, റാൻസി മാവേലി, റോഷൻ ലാൽ, മണികണ്ഠൻ.സി ആർ, സിന്റോ മാത്യു, ഷോണി. തെക്കൂടൻ, ടോബി തെക്കൂടൻ, തോമസ്സ് കെ.പി കോരേത്ത്,വത്സ ആൻറു എഡ്വേർഡ് ആന്റണി,ലിജോ ചാലിശ്ശേരി, ജോൺസൻ തത്തംപിള്ളി, ജോഷി കോക്കാട്ട്, ഇ.ഠ. വർഗീസ്, ഡേവിസ് മഞ്ഞളി, വർഗ്ഗീസ് പയ്യപ്പിള്ളി, രഞ്ജിത്ത് സുബ്രഹ്മണ്യൻ, ജോയ് കൂനമ്മാവ്, സ്റ്റീഫൻ ചേറ്റുപുഴക്കാരൻ,അനിലൻ പൊഴേക്കടവിൽ, ലോനപ്പൻ.കെ.ഒ, സന്തോഷ് മംഗലത്ത്, ലാലുവിൻസെന്റ്, ജോയൽ ജോയ് അൻബിൻ ആന്റണി, അഫ് സൽ ആലിപ്പറമ്പിൽ,അനൂപ് രാജ് ഷാജി പാലത്തിങ്കൽ, ഷീല മോഹനൻ എടക്കുളം, മോഹനൻ ചേരയ്ക്കൽ, ജയൻ പനോക്കിൽ, ബാബു ഏറാട്ട്, ജോർജ്ജ് ഊക്കൻ, അല്ലി സ്റ്റാൻലി, സജിത പൊറത്തിശ്ശേരി, നെൽസൻ മാവേലി ജോണി വല്ല ക്കുന്ന്, സണ്ണിവൈലിക്കോ

സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ട വി കെ ഹാരിഫാബി ടീച്ചർക്ക്

# കരീം പന്നിത്തടത്തിനെ ആദരിച്ചു

തൃശൂർ : കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ തൃശൂർ ഹെൽത്ത് വോഗ് സംഘടിപ്പിച്ച വിവിധ തലങ്ങളിലെ മെഗാ ഫാഷൻ ഷോ സമാദരണ ചടങ്ങിൽ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടത്തിനെ കെ.എഫ്.ആർ.ഐ. സയന്റിസ്റ്റും ചീഫ് പ്രിൻസിപ്പാളുമായ ഡോ.രഘു ഉപഹാരം നൽകി ആദരം അർപ്പിച്ചു.

ഫാഷൻഷോ ഡയറക്ടർ സിദ്ധി നാലകത്ത്,ഫിറ്റ്നസ് ഇൻഫ്ലുവൻസർ രാജീവ് സിദ്ധാർത്ഥ,ഫാഷൻ ഡിസൈനർ ഷീബ റഹ്മാൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# സ്റ്റേഡിയം: ഫുട്ബോൾ-അത് ലറ്റിക്സ് വിവാദം

തൃശൂർ: കോർ പ്പ റേഷൻ സ്റ്റേഡിയത്തിനുള്ളിൽ ഫുട്ബോൾ ടർഫ് നവീകരണം തുടങ്ങി. കേരള സൂപ്പർ ലീഗിനാണ് അനുമതി. 5 വർഷത്തേക്കാണ് കരാർ. ഫീൽഡിന്റെ നീളം 106മീറ്റർ, വീതി 70 മീറ്റർ ആയി വർദ്ധിപ്പിക്കും. ഇതു മൂലം സ്റ്റേഡിയത്തിലെ 400 മീറ്റർ സിന്തറ്റിക് ട്രാക് വികസനം നിലയ്ക്കുമെന്ന് അത്‌ലറ്റിക്സ് വെൽഫെയർ അസോസിയേഷൻ ആരോപിക്കുന്നു. ഇത് അടിസ്ഥാനരഹിതമെന്നാണ്ഫുട്ബോൾ അസോസിയേഷനും, കോർപ്പറേഷനും പറയുന്നത്. എന്തായാലും പ്രശ്നം ഇപ്പോൾ വിവാദമായി മാറി. കായിക താരങ്ങളുടെ അവസരങ്ങൾ തടസ്പ്പെടുത്തരുതെന്നും, 8 ലൈൻ സിന്തറ്റിക് ട്രാക്ക് നിർമിക്കാനുള്ള ഖേലോ ഇന്ത്യ പദ്ധതി നടപ്പാക്കണമെന്നും അത്‌ലറ്റിക്സ് അസോസിയേഷൻ ഭാരവാഹികളും മുൻ അത്‌ലറ്റുകളും വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. രാജൻ ജോസഫ്,അബ്ദുള്ള പി.എച്ച്; റീന റെജി,അജിത്ത്, വി ജോയ്, പങ്കെടുത്തു

ആവശ്യങ്ങൾ ഉന്നയിച്ച് അത്‌ലറ്റുകൾ 29 ന് കാലത്ത് 10 മണിക്ക് കോർ പ്പറേഷൻ ഓഫീസിലേക്ക് മാർച്ച് നടത്തും. 400 മീറ്റർ സിന്തറ്റിക് ട്രാക്ക് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഒരുക്കിയാൽ അത്‌ലറ്റ്സ് രംഗത്ത് മികച്ച തൃശൂർ താരങ്ങളുടെ വൻ കുതിപ്പുണ്ടാക്കാമെന്ന് അത്‌ലറ്റിക്കുകൾ വ്യക്തമാക്കുന്നു.

# ചേംബർ ദിനാഘോഷം

തൃശൂർ: ദി ചേമ്പർ ഓഫ് കോമേഴ്സ് ചേമ്പർദാനാഘോഷം, അവാർഡ് ദാനം - സെപ്തംബർ 27 ന് നടക്കും. വൈകീട്ട് 6 മുതൽ അഞ്ചേരി ചിറ ചാക്കോളാസ് കൺവെൻഷൻ സെന്ററിലാണ് പരിപാടി. പതിമൂന്ന് മുഖ്യ വ്യക്തികൾക്കാണ് അവാർഡുകൾ നൽകുക. ജോയ് ആലുക്കാസ് ഉൽഘാടനം ചെയും. ടി.എസ്. പട്ടാഭിരാമൻ അധ്യക്ഷത വഹിക്കും. പരിപാടികൾ വിശദീകരിച്ച വാർത്താ സമ്മേളനത്തിൽ പ്രസിഡന്റ് സജീവ് മഞ്ഞില, സെക്രട്ടറി സോളി തോമാസ്, ഷൈൻതറയിൽ.

# കുറിക്കമ്പനി പൊളിഞ്ഞു, 105000 രൂപയും പലിശയും നൽകണം, ചെയർമാനും ഡയറക്ടർമാർക്കും ബാധ്യത

തൃശൂർ: കുറി സെക്യൂരിറ്റി നിക്ഷേപം തിരികെ നൽകാതിരുന്നതിനെ ചോദ്യം ചെയ്തു് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. ചിയ്യാരം സ്വദേശി നാടോടി വീട്ടിൽ കരുണൻ ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ ചിയ്യാരത്ത് പ്രവർത്തിച്ചു വരുന്ന ചിയ്യാരം കുറീസ് ഏൻറർ ലോൺസ് (പി) ലിമിറ്റഡിന്റെ ചെയർമാൻ, ഡയറക്ടർമാരായ ടി.എ.മത്തായി, ഇ.ജെ. ഫ്രാൻസിസ്, ലിജോ ജോൺ, ലോനപ്പൻ.എം.ഒ, ഷാജു.ടി.വി., ബിജു ജോൺ, രാജേഷ്.പി.ജി., ടിസി.ജോർജ് എന്നിവർക്കെതിരെ ഇപ്രകാരം വിധിയായത്.കരുണൻ എതിർകക്ഷി സ്ഥാപനത്തിൽ ചേർന്ന കുറി വിളിച്ച് 90000 രൂപ കുറി സെക്യൂരിറ്റിയായി നിക്ഷേപിക്കുകയായിരുന്നു. നിക്ഷേപത്തിന്റെ പലിശ കൊണ്ട് കുറിവെച്ചു പോകുമെന്നാണ് അറിയിച്ചിരുന്നതു്. കുറി പൂർത്തിയായെങ്കിലും നിക്ഷേപ സംഖ്യ തിരികെ നൽകുകയുണ്ടായില്ല. തുടർന്നു് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. കുറി സെക്യൂരിറ്റി നിക്ഷേപ സംഖ്യ തിരികെ നൽകാതിരുന്ന എതിർകക്ഷികളുടെ പ്രവൃത്തി അനുചിത ഇടപാടും സേവനത്തിലെ വീഴ്ചയുമാണെന്ന് കോടതി വിലയിരുത്തി. കമ്പനി ഡയറക്ടർമാർക്ക് ബാധ്യതയുണ്ടെന്നും കോടതി നിരീക്ഷിച്ചു.തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് 90000 രൂപയും ആയതിന് 2017 ജൂലൈ 31 മുതൽ 9 % പലിശയും നഷ്ടപരിഹാരമായി 10000 രൂപയും ചിലവിലേക്ക് 5000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.എ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

# ബി.എസ്.എൻ.എൽ. സുവർണ്ണജൂബിലി

തൃശൂർ:' ബി.എസ്.എൻ.എൽ. സ്വദേശി ഫോർ - ജി: സർവീസ്27ന് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിക്കും. ആയതിന്റെ ഭാഗമായി തൃശൂർ ബി.എസ്.എൻ. എൽ. ജി. എം. ഓഫീസിൽ തത്സമയ സംപ്രേഷണം ഒരുക്കിയിട്ടുണ്ട്. ഫോർ ജി - വ്യാപന ഭാഗമായി നിരവധി നൂതന വികസന പദ്ധതികൾനടപ്പാക്കുന്നതായി,സി.ജി. എം: എം.എസ്.ഹരി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

തൃശൂർ ജില്ലയിൽ ആദിവാസി മേഖലകൾ ഉൾപ്പെടുന്ന ഇടങ്ങളിൽ 17 പുതിയ ടവറുകൾ സ്ഥാപിച്ചു ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കി. അതിരപ്പിള്ളി, വരന്തരപ്പിള്ളി, പിച്ചി മേഖലകളിലാണിത്.

4- ജി ടവറുകൾ ജില്ലയിൽ പൂർണ്ണമാണിപ്പോൾ.

ബി.എസ്.എൻ.എൽന്റെ സിൽവർ ജൂബിലി വർഷമാണിത്. ആഘോഷ ഭാഗമയി തൃശൂർ ജി.എം. ഓഫീസിൽ സെപ്തംബർ 30 ന് സൗ ജന്യ മെഡിക്കൽ ക്യാമ്പ് നടക്കും. ഒക്ടോബർ ഒന്നിന് ശുചീകരണം, ഫലവൃക്ഷത്തൈ നടൽ. മൂന്നാം തീയതി നഗരത്തിൽബൈക്ക് റാലി. 6-ാം തീയതി ഘോഷയാത്ര

തൃശൂർ ജി.എം. പരിധിയിൽ പൂർണ്ണഫൈബറി സേഷൻനടപ്പാക്കും. വടക്കാഞ്ചേരിയിൽ ലക്ഷ്യം കണ്ടു. ഇനിയും ഉപഭോക്താക്കളുടെ സഹകരണം അനിവാര്യമാണ്. ചെറുകിടവ്യവസായികൾക്ക് സഹായകരമായി അതിവേഗ ഇന്റർനെറ്റ് പതി ഭാരത് നെറ്റ് ഉദ്യമി നടപ്പാക്കും. സമൃദ്ധ പഞ്ചായത്ത്, വിദ്യാ മിത്രം, തുടങ്ങി ബി.എസ്.എൻ.എൽ. കൂടുതർ മെച്ചപ്പെട്ടതാക്കും പദ്ധതികളുംആവിഷ്ക്കരിച്ചിട്ടുണ്ട്.

പേരാമംഗലം സെന്റ് മേരീസ് ദേവാലയത്തിൽ വി. കൊച്ചു ത്രേസ്യയുടെയും, വി. യൂദാ തദേവൂസ്സിന്റെയും, പരി.വേളാങ്കണ്ണ മാതാവിന്റെയും സംയുക്ത തിരുന്നാളിന്റെ കൊടികയറ്റം കൊട്ടേക്കാട് ഫൊറോന വികാരി വെരി.റവ. ഫാ. ഫ്രാങ്കോ കവലക്കാട്ട് നിർവ്വഹിച്ചു. നവനാൾ തിരുക്കർമ്മങ്ങളെത്തുടർന്ന് ഒക്ടോബർ 4, 5 തിയ്യതികളിൽ തിരുന്നാൾ ആഘോഷിക്കും. വികാരി റവ. ഫാ. ജോൺസൺ കുണ്ടുകുളം, കൈക്കാരൻമാരായ ജെറി തോമസ്, തോമസ്, സി.എ. ഫ്രാൻസീസ്, കെ കെ ഫ്രാൻസിസ്, പ്രതിനിധി യോഗം സെക്രട്ടറി റിൻസ് പി. സെബാസ്റ്റ്യൻ, തിരുന്നാൾ കമ്മറ്റി കൺവീനർ ലിജോ തറയിൽ എന്നിവർ സന്നിഹിതയായിരുന്നു.

## കോടതി പരസ്യം

### ബഹു. രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

**Dispute No. 1551/2021**

**EP No: 304/2023**

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-വിധി ഉടമ

തൃശൂർ താലൂക്ക് മണലൂർ വില്ലേജ് പാന്തോട് ദേശത്ത് പള്ളിയിൽ വീട്ടിൽ അശോകൻ മകൻ സുനിൽ പി എ

- 1-ാം വിധി കടക്കാരൻ

കരട് പരസ്യ കാര്യത്തിൽ 1-ാം വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **07-10-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം 1-ാം വിധി കടക്കാരൻ ബഹു. കോടതിയിൽ ഹാജരില്ലാത്ത പക്ഷം ടിയാനെ എക്സ് പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 23-09-2025

വിധി ഉടമഭാഗം അഡ്വക്കേറ്റ്

**ജോഫി ജോർജ്ജ് പി.** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 22/2024

മുകുന്ദപുരം താലൂക്ക് പുല്ലൂർ വില്ലേജ് ദേശത്ത് കരേക്കാട്ട് മരിച്ച അമ്മിണി മകൻ 67 വയസ്സ്, ഗിരിജാവല്ലഭൻ.

-ഹർജിക്കാരൻ

മുകുന്ദപുരം താലൂക്ക് പുല്ലൂർ വില്ലേജ് ദേശത്ത് കാരേക്കാട്ട് മരിച്ച കുഞ്ഞിക്കാളി അമ്മ മകൻ 96 വയസ്സ്, രാമൻ നായർ.

- എതൃകക്ഷി

മേൽ നമ്പ്രിലെ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും, വാസസ്ഥലത്തും പതിച്ച് നടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനായി കേസ് **28-10-2025** തിയ്യതിക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ ടിയാനോ (ആശ്രിതർക്കോ) ബന്ധുമിത്രാദികൾക്കോ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11.00 മണിക്ക് നിങ്ങളോ, നിങ്ങൾ അധികാരപ്പെടുത്തിയ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണ്.

എന്ന്, 22-09-2025

ഹർജിക്കാരൻഭാഗം

അഡ്വക്കേറ്റ്

**ജിബിൻ ബാബു** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 421/2022

യദുകൃഷ്ണൻ, S/o. ഉണ്ണികൃഷ്ണൻ, കറുകുറ്റി പറമ്പിൽ ഹൗസ്, കുരുവിലശ്ശേരി ദേശം, കുരുവിലശ്ശേരി വില്ലേജ്, കുരുവിലശ്ശേരി പി ഒ.,ചാലക്കുടി താലൂക്ക്

- ഹരജിക്കാരൻ

റഷീദ്, S/o. മൊഹമ്മദലി, ബംഗ്ലാവ്പറമ്പിൽ ഹൗസ്, ചാലക്കുടി പി ഒ., പിൻ-6803079

-2-ാം എതൃകക്ഷി

മേൽ നമ്പറിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും അനുവദിച്ച് കേസ് **14-10-2025** തിയ്യതിക്ക് വിചാരണക്കായി വെച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ അന്നേദിവസം 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ കേസിൽ നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 27-9-2025

ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്

**എബിൻ ഗോപുരൻ** (ഒപ്പ്)

ഇതാ റിയൽ കേരളാ സ്റ്റോറി

വീടും സ്ഥലവുമില്ലാത്ത 394 കുടുംബങ്ങൾ സ്വന്തം ഫ്ളാറ്റിലേക്ക്

കൊച്ചി മുൻസിപ്പൽ കോർപറേഷൻ
കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്

85.75 കോടി ചെലവിൽ നിർമ്മിച്ച രണ്ട്

പാർപ്പിട സമുച്ചയങ്ങൾ

ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

ഗുണഭോക്താക്കൾക്ക് കൈമാറുന്നു

2025 സെപ്റ്റംബർ 27 ശനിയാഴ്ച
വൈകിട്ട് 5 മണി
തുരുത്തി ടവർ അങ്കണം,
കൊച്ചി

അധ്യക്ഷൻ ശ്രീ എം ബി രാജേഷ്
ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി

വിശിഷ്ടാതിഥി ശ്രീ പി രാജീവ്
ബഹു. നിയമം വ്യവസായം കയർ വകുപ്പ് മന്ത്രി

സ്വാഗതം അഡ്വ. എം അനിൽ കുമാർ
ബഹു. മേയർ, കൊച്ചി കോർപറേഷൻ

CSML
COCHIN SMART MISSION LIMITED
കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കൂടുതലറിയുന്നതിന് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന്
ഹെൽപ്പ് ലൈൻ നമ്പർ 1933 9497979794, 9497927797